## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3843 — 15.12.2014-ൽ മറുപടിക്ക്.

### ഫാസ്റ്റ് ട്രാക്ക് കോൾസെന്റർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സ്ത്രീകളുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള ഫാസ്റ്റ് ട്രാക്ക് കോൾസെന്റർ രൂപീകരിക്കാൻ എന്നാണ് തീരുമാനമെടുത്തത്; എന്നാണ് ഇത് സംബന്ധിച്ച ഉത്തരവ് ഇറക്കിയത്; വ്യക്തമാക്കാമോ; | : (എ) 02.07.2013 ലെ ജി.ഒ (എം.എസ്) 165/2013/ആഭ്യന്തരം പ്രകാരമാണ് കോൾസെന്റർ രൂപീകരിക്കാൻ സർക്കാർ ഉത്തരവായത്. |
| (ബി) നിലവിൽ സംസ്ഥാനത്ത് എത്ര കോൾ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; ഏതെല്ലാം സ്ഥലങ്ങളിൽ; വ്യക്തമാക്കാമോ; | : (ബി) തിരുവനന്തപുരം സിറ്റി, കോഴിക്കോട് സിറ്റി, കോട്ടയം എന്നിവിടങ്ങളിൽ കോൾസെന്റർ രൂപീകരിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്. ഇത് നടപ്പിലാക്കുവാനുള്ള നടപടികൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥ തലത്തിൽ നടന്നുവരികയാണ്. |
| (സി) എത്ര വീതം പോലീസ് ഉദ്യോഗസ്ഥരാണ് ഓരോ സെന്ററിലുമുള്ളത്; പ്രസ്തുത സെന്ററുകൾ വഴി സ്ത്രീകൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത്; വിശദമാക്കാമോ? | : (സി) ഓരോ സെന്ററിലും 2 വീതം വനിതാ സിവിൽ പോലീസ് ഓഫീസേഴ്സിന്റെ സേവനം 24 മണിക്കൂറും ലഭ്യമായിരിക്കും. ഇതിനായി 8 വനിതാ സിവിൽ പോലീസ് ഉദ്യോഗസ്ഥർ 3 ഘട്ടങ്ങളിലായി (8 മണിക്കൂർ x3) വേണ്ടി വരും. വനിതകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ ഏറ്റവും പെട്ടെന്ന് തന്നെ നടപടികൾ സ്വീകരിക്കുന്നതിന് ഇത്തരം കോൾസെന്ററുകൾ ഉപകാരപ്രദമായിരിക്കും. |

സെക്ഷൻ ഓഫീസർ